പതിനഞ്ചാം കേരള നിയമസഭ

ബുള്ളറ്റിൻ ഭാഗം–2

2023 മെയ് 11

നമ്പർ:384

<u>ശ്രീ. വി.കെ പ്രശാന്ത് , എം.എൽ.എ. സമർപ്പിച്ച അവകാശലംഘന നോട്ടീസ് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തത് സംബന്ധിച്ച്</u>

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളന കാലയളവിൽ 2023 മാർച്ച് 15-ന് സമ്മേളനാനന്തരം ബഹു. സ്പീക്കർ സഭയിൽ നിന്ന് ചേംബറിലേക്ക് മടങ്ങുന്നത് തടസ്സപ്പെടുത്തിക്കൊണ്ട് പ്രതിപക്ഷ അംഗങ്ങൾ പ്രകോപനപരമായി പ്രതിഷേധിക്കുകയും സുരക്ഷാചുമതല നിർവ്വഹിക്കുന്ന വാച്ച് & വാർഡ് ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണം ബോധപൂർവ്വം തടസ്സപ്പെടുത്തുകയും, വനിതാ വാച്ച് & വാർഡ് അംഗങ്ങളെ അസഭ്യം പറയുകയും ആക്രമിക്കുകയും ചെയ്തതിനെത്തുടർന്ന് നാല് വനിതകളടക്കമുള്ള സുരക്ഷാ ജീവനക്കാർക്ക് പരിക്കേറ്റ് ആശുപത്രിയിൽ അഡ്മിറ്റാകാനിടയാകേണ്ടി വന്നെന്നും, പ്രസ്തുത ആക്രമണങ്ങൾക്ക് നേതൃത്വം നൽകിയ ശ്രീ. റോജി എം. ജോൺ, ശ്രീ. സനീഷ് കുമാർ ജോസഫ്, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. അൻവർ സാദത്ത്, ശ്രീ. എ.കെ.എം.അഷ്റഫ് , ഡോ. മാത്യു കുഴൽ നാടൻ എന്നിവർക്കെതിരെ അവകാശലംഘനത്തിനുള്ള നടപടി സ്വീകരിക്കണമെന്നും കാണിച്ച് ശ്രീ. വി.കെ പ്രശാന്ത് , എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായി ബഹു. സ്പീക്കർ, പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 06.05.2023-ന് റഫർ ചെയ്തിരിക്കുന്നു.

എ. എം. ബഷീർ,

സെക്രട്ടറി.